പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1811

25.03.2013-ൽ മറുപടിക്ക്

## ഫിഷറീസ് വകുപ്പിന്റെ വൈപ്പിൻ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പ് മുഖേന വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തികൾക്കായി എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി 193.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുനമ്പം ഫിഷിംഗ് ഹാർബറിൽ വിമൻഷെൽട്ടർ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് വഴി മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 7800000 രൂപയും ലാട്രിൻ സൗകര്യത്തിനായി 1015000 രൂപയുടേയും അനുമതി നൽകിയിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിലെ 18 റോഡുകൾക്കായി 442.45 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ